**M-2**

# ANNUAL EXAMINATION

**Class IX** | **MALAYALAM** | **Time : 3 hrs.**
**Marks : 80**

**The question paper will be divided into two sections.**

എ വിഭാഗം - അവധാരണം - 40 marks
പദപരിചയം
ബി വിഭാഗം - വ്യാകരണം, രചന - 40 marks
സാഹിത്യം

---

## എ വിഭാഗം

**I. താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും എട്ടെണ്ണത്തിന് ശരിയുത്തരം എഴുതുക. (ഓരോന്നിനും 1 മാർക്കുവീതം) 8 × 1 = 8**

അപൂർണ്ണമായ പ്രപഞ്ചഭാവങ്ങളെ സങ്കല്പഭംഗിയിൽ മോടികൂട്ടി പൂർണ്ണമാക്കിക്കാണിക്കാനുള്ള സമുദ്യമത്തിൽ കവികൾ ലോകത്തെ അവശ്യ പരിഷ്കാരങ്ങളിൽപ്പോലും വിമുഖമാക്കുന്നു എന്നൊരു വാദമുണ്ട്. ഇത് ഒരു വൃഥാവാദമാണ്. സങ്കല്പ സൃഷ്ടികൊണ്ട് മാതൃകീകരണത്തിന് സമുദ്യമിക്കുന്ന കവികൾ സുഖമില്ലാത്തിടത്ത് സുഖവും സൗന്ദര്യമില്ലാത്തിടത്ത് സൗന്ദര്യവും ദർശിക്കുന്നു എന്ന് ഒരു അപവാദമുണ്ട്. സങ്കല്പത്തിന് ആധാരമായത് യാഥാർത്ഥ്യം തന്നെ യാണ് എന്ന് ഗ്രഹിക്കണം. അപ്പോൾ യഥാർത്ഥ്യം, അതിൽനിന്ന് സങ്കല്പം, യാഥാർത്ഥ്യവും സങ്കല്പവും ചേർന്ന് കല എന്ന ക്രമത്തിനു പോകുന്നത് കാണാം. യാഥാർത്ഥ്യത്തിൽ നിന്നാണ് സങ്കല്പമുണ്ടാകുന്നത് എന്നു പറയുന്നതിൽ ചിലർക്ക് വിപ്രതിപത്തി കാണുമായിരിക്കും. എന്നാൽ പരമാർത്ഥത്തെ ആധാരമാക്കാത്തതായി നമ്മുടെ മാനസിക വൃത്തികളിൽ ഒന്നും തന്നെയില്ല. പക്ഷേ, പരമാർത്ഥത്തെ യഥേച്ഛം അടുക്കി രൂപാന്തരം ചെയ്യാറുണ്ട്. ഇത് കലാപരമായി മനസ്സ് പ്രവർത്തിക്കുമ്പോഴാണ് കാണുന്നത്. പുഷ്പങ്ങൾ പ്രകൃതിയിൽ ധാരാളമായിട്ടുണ്ട്. എന്നാൽ പിച്ചിപ്പൂവും പനിനീർച്ചെമ്പകവും താമരപ്പൂവും വേണ്ടപോലെ കലർത്തി ഒരു മാലകെട്ടാൻ യത്നിക്കുന്നത് കലാപരമായ സൗന്ദര്യം പൂർണ്ണതയെ ആഗ്രഹിക്കുന്ന മനസ്സിന്റെ വൃത്തിയാണ്. മാല, യാഥാർത്ഥ്യ പ്രതിബിംബനമല്ലാത്തതുകൊണ്ട് നമുക്ക് വിശ്വാസാർഹമായി ഭവിക്കുന്നില്ല എന്നു പറയാമോ? ഇതിൽനിന്ന് പ്രകൃതിയിൽ ഒരു തരത്തിൽ കാണുന്നതിനെ മറ്റൊരു പ്രകാരത്തിൽ ക്രമപ്പെടുത്തി അടുക്കുകയാണ് കലാധർമ്മം എന്നു വരുന്നില്ലേ?

കലയ്ക്ക് യാഥാർത്ഥ്യവും സങ്കല്പവും ഒരുപോലെ ആവശ്യമാണ്. യാഥാർത്ഥ്യത്തെ ആശ്രയിക്കാതെ സങ്കല്പത്തിന് സത്തയില്ല; സങ്കല്പവും യാഥാർത്ഥ്യവും ഇല്ലെങ്കിൽ കലയുമില്ല. പരമാർത്ഥം ആലോചിച്ചാൽ യാഥാർത്ഥ്യം സങ്കല്പമാണ്. സങ്കല്പം യഥാർത്ഥവുമാണ്. ഒന്നു മറ്റൊന്നിനെ ആശ്രയിച്ചും അതു മറ്റതിനു സഹായകമായും കലയിൽ പ്രത്യക്ഷപ്പെടുന്നു. യാഥാർത്ഥ്യമാത്രമായോ സങ്കല്പമാത്രമായോ ഒരു കലയും ഇല്ല. യാഥാർത്ഥ്യത്തിന്റെയും കല്പനയുടെയും ഏറ്റക്കുറച്ചിലനുസരിച്ച് ഒന്നായിട്ടോ മറ്റൊന്നായിട്ടോ കണക്കാക്കുന്നു എന്നേ പറയാനുള്ളു. ശരിയായ സഹൃദയത്വമുള്ള ആൾക്ക് കലയിൽ പ്രത്യക്ഷപ്പെടുന്ന യാഥാർത്ഥ്യം കല്പനപോലെയും കല്പന യാഥാർത്ഥ്യം പോലെയും രസിക്കും. അതാണ് നല്ല സഹൃദയന്റെ ലക്ഷണം. അയാളെ രസിപ്പിക്കുന്നതാണ് കല.

1. യാഥാർത്ഥ്യത്തെ കലാകാരൻ ഉപയോഗപ്പെടുത്തുന്നത് എങ്ങനെ?

   (യാഥാർത്ഥ്യത്തെ കലയിൽ അങ്ങനെതന്നെ ഉപയോഗിക്കുന്നു, യാഥാർത്ഥ്യത്തെ യഥേച്ഛം അടുക്കി രൂപമാറ്റം വരുത്തുന്നു, സങ്കല്പശക്തികൊണ്ട് പുതിയലോകം സൃഷ്ടിക്കുന്നു, യാഥാർത്ഥ്യത്തെ മറയ്ക്കാൻ ശ്രമിക്കുന്നു)

2. കവികൾ എന്തുചെയ്യാനാണ് ഉദ്യമിക്കുന്നത്?

(ലോകത്ത് ആവശ്യ പരിഷ്കാരങ്ങൾ വരുത്താൻ, സൗന്ദര്യമില്ലാത്തിടത്ത് സൗന്ദര്യം ദർശിക്കാൻ, സുഖം ഇല്ലാത്തിടത്ത് സുഖം കണ്ടെത്താൻ, കല്പനകൊണ്ട് പ്രപഞ്ചഭാവങ്ങളെ മോടികൂട്ടി പൂർണ്ണമാക്കിക്കാണിക്കാൻ)

3. കലാപരമായ സൗന്ദര്യം എന്നാൽ എന്താണ്?

(സങ്കല്പശക്തിയാൽ ജനിക്കുന്നതാണ് കലാപരമായ സൗന്ദര്യം, കലാസൗന്ദര്യം പൂർണ്ണത ആഗ്രഹിക്കുന്ന മനസ്സിന്റെ വൃത്തിയാണ്, യാഥാർത്ഥ്യത്തിന്റെ ആവിഷ്കരണമാണ് കലാസൗന്ദര്യം, പ്രകൃതിയിൽ കാണുന്നതിന്റെ പ്രതിബിംബനമാണ് കലാസൗന്ദര്യം)

4. സങ്കല്പത്തിന് ആധാരമായത് യഥാർത്ഥ്യം തന്നെയാണ് എന്നുപറയുന്നത് എന്തുകൊണ്ട്?

(യാഥാർത്ഥ്യത്തെ ആധാരമാക്കാതെ ഒന്നും നമ്മുടെ മാനസികവൃത്തിയിലില്ല, സങ്കല്പശക്തികൊണ്ടു മാത്രം സൃഷ്ടിക്കുന്നതല്ല കല, യഥാർത്ഥത്തെ തന്നെയാണ് കവിയും അവതരിപ്പിക്കുന്നത്, പ്രപഞ്ചഭാവങ്ങൾ അപൂർണ്ണങ്ങളാണ്)

5. നല്ല സഹൃദയനെ രസിപ്പിക്കുന്നതാണ് കല എന്നു പറയുന്നതെന്തുകൊണ്ട്?

(നല്ല സഹൃദയൻ കലയിൽ പ്രത്യക്ഷപ്പെടുന്ന യാഥാർത്ഥ്യത്തെ കല്പനപോലെയും കല്പനയെ യാഥാർത്ഥ്യം പോലെയും രസിക്കും, നല്ല സഹൃദയൻ യാഥാർത്ഥ്യത്തെ കലയിലെ യാഥാർത്ഥ്യത്തെ തിരിച്ചറിയും, സങ്കല്പശക്തിയെ ആദരിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നവനാണ് നല്ല സഹൃദയൻ, കലയുടെ സവിശേഷതകളെ വിശകലനം ചെയ്യാൻ കഴിവുള്ള ആളായിരിക്കും നല്ല സഹൃദയൻ)

6. കലയ്ക്ക് എന്തെല്ലാം ആവശ്യമാണ്?

(സങ്കല്പം, യാഥാർത്ഥ്യം, യാഥാർത്ഥ്യംമാത്രം, യാഥാർത്ഥ്യവും സങ്കല്പവും)

7. അളവിന്റെ നാനാർത്ഥമായി വരുന്ന പദം ഏത്?

(കൂട്ടം, രശ്മി, അവസരം, ശരീരം)

8. യഥാർത്ഥ്യം എന്ന പദത്തിന്റെ വിപരീതപദം ഏത്?

(യഥാർത്ഥ്യം, യഥാർത്ഥത, അയഥാർത്ഥ്യം, അയഥാർത്ഥത)

9. താഴെ തന്നിരിക്കുന്നവയിൽ ശരിയായ പദം ഏതെന്ന് കണ്ടെത്തി എഴുതുക.

(ആഡംബരം, ആടംബരം, ആഢംബരം, ആദംബരം)

10. താഴെക്കൊടുത്തിരിക്കുന്നവയിൽ താമരയുടെ പര്യായപദം ഏത്?

(അംബുജം, താരം, സുമം, കുസുമം)

**II. ഏതെങ്കിലും എട്ടെണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക. 8 × 1 = 8**

1. 'പതി' എന്നതിന്റെ വിപരീതപദമെഴുതുക.

(പത്നി, പതിനി, നൃപതി)

2. 'കണ്ഠം' എന്നതിന്റെ പര്യായപദം എഴുതുക.

(ചരണം, ഗളം, കഴുത്ത്)

3. ചേതം, ചേതി എന്നതിന്റെ അർത്ഥവ്യത്യാസം എഴുതുക.

(സമൂഹം, നഷ്ടം, വിവരം, ചുറ്റപ്പെട്ട)

4. വിഗ്രഹിച്ചെഴുതുക : ഇച്ഛാശക്തി

(ഇച്ഛയുടെ ശക്തി, ഇച്ഛയ്ക്കുള്ള ശക്തി, ഇച്ഛക്കുവേണ്ടിയുള്ള ശക്തി, ഇച്ഛയാകുന്ന ശക്തി)

5. ‘കൊല്ലം എന്നതിന്റെ നാനാർത്ഥപദം എഴുതുക.

(കാലം, വർഷം, ഒരുസ്ഥലം, ദിവ്യം)

6. എതിർലിംഗം കണ്ടെത്തുക.

വീരൻ (വീരത്തി, വീര, വീര്യ, വീരർ)

7. ‘കോഴി’ എന്ന വാക്കിന്റെ പര്യായപദമെഴുതുക.

(ക്രോഷ്ടാവ്, കുക്കുടം, കൃകവാകം)

8. ‘പഥികൻ’ എന്നതിന്റെ അർത്ഥം ഏത്?

(യാത്ര, വഴിയാത്രക്കാർ, സഞ്ചാരം)

9. ‘കാള’ എന്നതിന്റെ പര്യായപദം അല്ലാത്തത് ഏത്?

(സൗരഭേയം, വർദം, ഊക്ഷാവ്, സാരമേയം)

10. ‘താഴെപ്പറയുന്നതിൽ ശരിയായ പദം ഏത്?

(സത്യസന്ധത, സത്യസന്തത, സദ്യസന്ധത)

**III. ഏതെങ്കിലും നാലെണ്ണത്തിനുമാത്രം ബ്രായ്ക്കറ്റിൽനിന്ന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക. (ഓരോന്നിനും 1 മാർക്കുവീതം)** **4 × 2 = 8**

a) ഒരു പൂവും കൊഴിയാതെയുണ്ണികൾ വിരിഞ്ഞു, പിന്നീ-
ടൊരുണ്ണിയും പിഴയ്ക്കാതെ വളർന്നുവന്നു.

i) ഇവിടെ ഉണ്ണികൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ആരെ?

(കുട്ടികളെ, അണ്ണാർക്കണ്ണന്മാരെ, കണ്ണിമാങ്ങകളെ)

ii) ‘പിഴയ്ക്കാതെ’ എന്ന പദത്തിന് സന്ദർഭമനുസരിച്ചു വരുന്ന അർത്ഥം എന്ത്?

(തെറ്റുക, കാലിടറുക, കേടായിപ്പോവുക)

b) “വെണ്ണ പിരണ്ടിട്ടുതിണ്ണം കുളുർത്തുള്ളൊ-
രുണ്ണിക്കൈയൊന്നു മുകർന്നതാവും.”

i) ഇന്ന് അധികം പ്രചാരത്തിലില്ലാത്ത ഒരു പദം ഈ വരികളിൽ നിന്നെടുത്തെഴുതുക.

(മുകരുക, ഉണ്ണിക്കൈ, തിണ്ണം)

ii) മുകരുക എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?

(ചുംബിക്കുക, പുരട്ടുക, എടുക്കുക)

c) ആർഭാടമായി ജീവിക്കണം എന്ന കൊതിയാണ് കുട്ടികളുമൊത്ത് ഒരു ചെറുപുരയിൽ പാർത്തിരുന്ന ചെറുപ്പക്കാരനെ അഞ്ചെട്ടു കൊലപാതകങ്ങൾക്കു പ്രേരിപ്പിച്ചത് എന്ന് അയാൾ തന്നെ പറയുന്നു.

i) ചെറുപ്പക്കാരനെ കൊലപാതകത്തിനു പ്രേരിപ്പിച്ചത് എന്ത്?

(സ്വത്തിനോടുള്ള മോഹം, ആർഭാടജീവിതത്തിനോടുള്ള ഭ്രമം, കൂടുതൽ സൗഭാഗ്യത്തിനോടുള്ള കൊതി)

ii) ആ മനസ്സിൽ ഉണ്ടായിരുന്നത് എന്ത്?

(ആർഭാടജീവിതഭ്രമം, ആരെയും കൊല്ലാൻ മടിക്കാത്ത ഇരുട്ട്, എല്ലാവരോടും പക)

d) ദീനത്വമെന്തിനു നമുക്കു മാത്രം
തീക്കോലുരയ്ക്കാൻ? തിരിയിൽ കൊളുത്താൻ

i) ‘ഒറ്റവാക്കെഴുതുക - ദീനന്റെ ഭാവം

(ദൈന്യം, ദീന്യം, ദീനത്വം)

ii) കവിയുടെ അഭിപ്രായത്തിൽ നമുക്ക് ദീനത്വം ആവശ്യമില്ലാത്തത് എന്തിന്?

(തീക്കോലുരയ്ക്കാൻ, വിശ്രാന്തിയ്ക്ക്, ത്വര കാണിക്കുവാൻ)

e) പക്ഷേ അവർക്ക് ഇച്ഛാശക്തി നഷ്ടപ്പെട്ടിരിക്കുന്നു.

i) ലേഖകന്റെ അഭിപ്രായത്തിൽ ഇച്ഛാശക്തി നഷ്ടപ്പെട്ടത് ആർക്ക്?

(സമുദായ സംഘടനകൾക്ക്, ആഡംബരഭ്രമമുള്ളവർക്ക്, കൊലപാതകികൾക്ക്)

ii) ഉള്ളവന് തെളിവായി കാണിക്കാനുള്ളത് എന്താണ്?

(സ്വത്ത്, ബാങ്ക്ബാലൻസ്, ആർഭാടം, അഹങ്കാരം)

**IV. ഏതെങ്കിലും നാലെണ്ണത്തിനുമാത്രം ഉത്തരം എടുത്തെഴുതുക. 4 × 4 = 16**

a) "Beg, borrow or steal - എന്നതാണ് മുദ്രാവാക്യം"

i) നമ്മുടെ സമുദായത്തിൽ ഇപ്പോൾ വർദ്ധിച്ചുവരുന്നത് എന്ത്?

(സംഘടിതാവസ്ഥ, ഉന്മാദാവസ്ഥ, നിദ്രാവസ്ഥ)

ii) നമ്മുടെ സമുദായത്തിൽ ഏറി നില്ക്കുന്നത് എന്തെല്ലാം?

(ഉണർവ്വും മത്സരവും, മത്സരവും ഉന്മാദവും, ഉണർവ്വും ഉന്മാദവും)

iii) നമ്മുടെ സമുദായത്തിൽ വർദ്ധിച്ചുവരുന്നത് എന്ത്?

(മനസ്സിലെ ഇരുട്ട്, ആർഭാടത്തിന്റെ ഉന്മാദം, നിറവേറ്റാത്ത മോഹം)

iv) 'നിറവേറ്റാത്ത മോഹം നിങ്ങളെ എവിടേയ്ക്കു കൂട്ടിക്കൊണ്ടു പോകുന്നു' എന്നാണ് ലേഖകൻ പറയുന്നത്?

(ആർഭാടത്തിലേയ്ക്ക്, ആത്മഹത്യയിലേയ്ക്ക്, ആദ്ധ്യാത്മികതയിലേയ്ക്ക്)

**b) താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**

i) ഉള്ളൂർ രചിച്ച മഹാകാവ്യം ഏത്?

(പിംഗള, താരഹാരം, ഉമാകേരളം)

ii) ഉള്ളൂരിനെ നിരൂപകന്മാർ വിശേഷിപ്പിക്കുന്നത് എങ്ങനെയാണ്?

(ശബ്ദസുന്ദരൻ, ഭാവഗായകൻ, ഉജ്ജ്വലശബ്ദാഢ്യൻ)

iii) അന്തിക്ക് വിളക്കു കത്തിക്കാൻ തിടുക്കം കൂട്ടി നിൽക്കുന്നത് ആരാണ്?

(ചന്ദ്രൻ, നക്ഷത്രങ്ങൾ, മിന്നാമിനുങ്ങ്)

iv) സൂര്യൻ മറഞ്ഞുകഴിഞ്ഞാൽ ഈശ്വരൻ പ്രപഞ്ചത്തിലെ ഇരുട്ടകറ്റുന്നത് എങ്ങനെ?

(മിന്നാമിനുങ്ങുകളെക്കൊണ്ട്, ദീപപ്രഭകൊണ്ട്, നക്ഷത്രക്കൂട്ടങ്ങളെക്കൊണ്ട്)

c) "നാമതിനെ എത്രനേരം അഭിമുഖീകരിച്ചാലും അത് നമുക്ക് പിടി തരുന്നില്ല."

i) ഈ പ്രസ്താവന ആരുടേതാണ്?

(മൈക്കിൾ, വാഷിങ്ടൺ, സക്കറിയ)

ii) എന്തിനെക്കുറിച്ചാണ് ഇവിടെ പറയുന്നത്?

(സാംബസി നദി, വിക്ടോറിയാ വെള്ളച്ചാട്ടം, സിംബാബ്വേയിൽ നിന്നുള്ള കാഴ്ച)

iii) ആ കാഴ്ചയെ വിശേഷിപ്പിക്കാൻ ലേഖകൻ ഉപയോഗിച്ച പ്രയോഗം ഏത്?

(കണ്ണെടുക്കുക, കണ്ണുതുറക്കുക, കണ്ണുപറിക്കുക)

iv) "വിക്ടോറിയാ വെള്ളച്ചാട്ടം" എന്ന പദം വിഗ്രഹിച്ചാൽ ....

(വിക്ടോറിയയിലെ വെള്ളച്ചാട്ടം, വിക്ടോറിയാ എന്ന വെള്ളച്ചാട്ടം, വിക്ടോറിയയുടെ വെള്ളച്ചാട്ടം)

d) പുസ്തകത്തിൽ വായിച്ചതുപോലെ എനിക്കു പറയാൻ കഴിഞ്ഞില്ല.

i) പുസ്തകത്തിലെ ഉദ്ധരണിയുടെ ആശയം എന്തായിരുന്നു?

(കർമ്മമാണ് പ്രധാനം ഉദ്ദേശ്യം പ്രശ്നമല്ല, കർമ്മവും ഉദ്ദേശ്യവും തമ്മിൽ ബന്ധിപ്പിക്കേണ്ട ആവശ്യമില്ല, കർമ്മം ഫലിച്ചില്ലെങ്കിലും അതിന്റെ ഉദ്ദേശ്യം ശുദ്ധമാണെങ്കിൽ അതിന്റെ കർത്താവ് ഈശ്വരദൃഷ്ടിയിൽ സമ്മാനീയനാണ്)

ii) ലേഖകൻ ഉദ്ധരിക്കാൻ ശ്രമിച്ച വാക്യം തെറ്റു കൂടാതെ പറഞ്ഞത് ആര്?

(ദാമോദർ ഗാവുങ്കർ, ടാക്സിഡ്രൈവർ, രാംഗോപാൽ മിശ്ര)

iii) ആരുടെ പുസ്തകത്തിലെ വാക്യമാണ് അയാൾ പറഞ്ഞത്?

(ഇമ്മാനുവൽ കാന്റിന്റെ, ഇമ്മാനുവൽ ലോറൻസിന്റെ, കാന്റ് ലോറൻസിന്റെ)

iv) പുസ്തകം + ഇൻ - ഏതു സന്ധിയാണ്?

(ആഗമം, ലോപം, ആദേശം)

e) "ഭഗവാനേ തന്നരുൾകെനിക്കു വീണ്ടും സഫല ജന്മം."

i) ആരാണ് ഇങ്ങനെ വരം ചോദിച്ചത്?

(മനുഷ്യൻ, കല്ലെറിഞ്ഞവർ, തേന്മാവ്)

ii) ആരോടാണ് ഇങ്ങനെ അർത്ഥിച്ചത്?

(വസന്തത്തോട്, പ്രകൃതിയോട്, മരത്തിനോട്)

iii) എവിടെയാണ് കരഞ്ഞുനിന്നത്?

(സ്വർല്ലോകത്തിൽ, ഭൂമിയിൽ, സ്വർല്ലോകത്തിൻ നടയിങ്കൽ)

iv) സഫലമായ ജന്മം - സമാസമേത്?

(ബഹുവ്രീഹി, കർമ്മധാരയൻ, അവ്യയീഭാവൻ)

## ബി വിഭാഗം

**V.** a) **പ്രയോഗം മാറ്റുക.** **2 × 1 = 2**

i) ലേഖകനെ ഗൈഡുകൾ വിക്ടോറിയാവെള്ളച്ചാട്ടിന് സമീപത്തേയ്ക്ക് കൊണ്ടുപോയി.

ii) ഇവിടെ അരി പൊടിച്ച് കൊടുക്കപ്പെടും.

b) **അംഗ-അംഗിവാക്യങ്ങൾ തിരിച്ചെഴുതുക.** **2 × 1 = 2**

i) ഞാൻ എന്റെ ഗൈഡുകളോടൊപ്പം നദിയിലിറങ്ങിക്കുളിച്ചു.

ii) ജയിലിൽനിന്നു പുറത്തിറങ്ങുമ്പോൾ ചാപ്ലിൻ അനാഥയായ ഗാമിനെ കണ്ടുമുട്ടി.

c) **വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** **2 × 1 = 2**

i) ഇന്നത്തെ ചർച്ചാവിഷയം ജനകീയാസൂത്രണവും ജനങ്ങളും എന്നതിനെക്കുറിച്ചാണ്.

ii) മറ്റാരിലും കാണാനാവാത്ത അനാദൃശ്യ കഴിവുകൾക്കുടമയായിരുന്നു സ്വാമി വിവേകാനന്ദൻ

d) **അർത്ഥം മാറാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക.** **2 × 1 = 2**

i) ലേഖകൻ സാംബസിനദിയിൽ ചീങ്കണ്ണികളെയും കണ്ടു.

ii) നാട്ടിൻപുറത്തുകാരിയായ കമലത്തിന് അമ്മയുടെ ഓർമ്മകൾ അലട്ടുന്നു

e) **എതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകുംവിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക.** **2 × 1 = 2**

i) ആട്ടിയകറ്റുക ii) പണിപ്പെടുക iii) അജഗജാന്തരം

**VI. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (ഓരോന്നിനും 5 മാർക്കു വീതം) 5**

a) **ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക.**

i) വിദ്യാഭ്യാസരംഗവും കംപ്യൂട്ടറിന്റെ സ്വാധീനവും

ii) നസംരക്ഷണം - ജീവസംരക്ഷണം

iii) ജലമലിനീകരണം - ഒരു കഠിനവിപത്ത്.

b) വഴിയാത്രക്കാർക്ക് ശല്യം സൃഷ്ടിച്ചുകൊണ്ട് നിങ്ങളുടെ നാട്ടിൽ മദ്യപന്മാരുടെ എണ്ണം പെരുകുന്നത് ശ്രദ്ധയിൽപ്പെട്ടു എന്നു കരുതുക. പോലീസ് സൂപ്രണ്ടിന് പ്രസ്തുത വിഷയത്തിൽ നിവേദനം തയ്യാറാക്കുക. **5**

c) കോവിഡ് - 19 ന്റെ പശ്ചാത്തലത്തിൽ നിങ്ങളുടെ നാട്ടിൽ നടന്ന ഒരു സാമൂഹിക പ്രവർത്തനത്തെക്കുറിച്ച് പത്രവാർത്ത തയ്യാറാക്കുക. **5**

**VII. താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശമനുസരിച്ച് ഉത്തരമെഴുതുക. ഓരോന്നിനും 3 മാർക്കു വീതം.**

a) **ഏതെങ്കിലും ഒരു ചോദ്യത്തിനുമാത്രം ഉത്തരം എഴുതുക. 1 × 3 = 3**

i) "കരയിൽനിന്നു കരയിലേക്കു പടർന്നുകിടന്ന
നീല ജലപ്പരപ്പ് ഒറ്റനിമിഷത്തിൽ
ഇടിമുഴക്കത്തോടെ അഗാധതയിൽ പാറക്കെട്ടുകളിൽനിന്ന് പൊങ്ങുന്ന പുകമഞ്ഞിൻ കോട്ടയായിത്തീരുന്നു. വെൺപതയായി ഒഴുകിവീഴുന്ന വെള്ളച്ചാട്ടത്തെ പൊതിഞ്ഞുകൊണ്ട് ഉയരുകയും താഴുകയും ചെയ്യുന്ന ജലധൂളികളുടെ തിരശ്ശീല ജലത്തിന്റെ ഗതി താഴേക്കോമേലേക്കോ എന്ന മതിഭ്രമം നമ്മിലുണ്ടാക്കുന്നു."

ലേഖകന്റെ അനുഭവങ്ങളും ഗദ്യഭാഷയുടെ സൗന്ദര്യവും ഈ ഭാഗത്ത് ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെയെന്ന് വ്യക്തമാക്കുക.

ii) 'ആദർശത്തിന്റെയും ലാളിത്യത്തിന്റെയും ഊന്നുവടികൊണ്ട് സാധാരണക്കാരന്റെ ഉയരം കൂട്ടേണ്ടിയിരിക്കുന്നു." ലേഖകന്റെ ഈ അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണം കുറിക്കുക.

b) **ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്കുമാത്രം ഉത്തരം എഴുതുക. 2 × 3 = 6**

i) അമ്പാടിയിലെത്തുന്ന അക്രൂരന്റെ പെരുമാറ്റം എത്രമാത്രം സ്വാഭാവികമാണ്? നിരീക്ഷിച്ച് കുറിപ്പ് തയ്യാറാക്കുക.

ii) "മറ്റൊരു വണ്ടിക്കാള മാനുഷാകാരം പൂണ്ടി-
ട്ടറ്റത്തു വണ്ടിക്കയ്യിലിരിപ്പൂ കൂനിക്കൂടി"
വണ്ടിക്കാരനെ മറ്റൊരു വണ്ടിക്കാള എന്നു വിളിക്കാൻ കാരണമെന്താണ്?

iii) "അയൽപ്പാതവക്കത്തുന്നു വഴിപ്പണിക്കുടച്ചിട്ടോ-
രുരുളൻകല്ലുകൾക്കൊക്കെച്ചിറകും വന്നു." "കല്ലുകൾക്കു ചിറകുവന്നു" എന്ന കല്പനയുടെ ഭംഗി വിശദീകരിക്കുക.

**VIII. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക. 2 × 3 = 6**

i) വ്യത്യസ്തനായ സന്യാസി ശ്രേഷ്ഠനായിരുന്നു നരേന്ദ്രൻ എന്ന് പറയാൻ കാരണമെന്ത്?

ii) 'ഇത്തരം വിശാലഹൃദയമുള്ള ആളുകൾ ആയിരക്കണക്കിന് പാവപ്പെട്ട കുടിലുകളിൽ കഴിയുന്നു. നമ്മൾ അവരെ താണജാതിക്കാരെന്നും തൊട്ടുകൂടാത്തവർ എന്നും നിന്ദിക്കുന്നു.' സാഹചര്യവും സന്ദർഭവും വിവരിക്കുക.

iii) എപ്പോൾ മുതലാണ് എല്ലാവരും വിവേകാനന്ദനെ തേജസ്വിയായ വാഗ്മിയായി കണ്ടുതുടങ്ങിയത്?